
# അക്കാദമിക മാസ്റ്റർ പ്ലാൻ 2025– 26








# ജി.എൽ.പി സ്കൂൾ കിഴിശ്ശേരി

**കിഴിശ്ശേരി, കുഴിമണ്ണ, മലപ്പുറം– 673641**

# G.L.P.S KIZHISSERI

## അക്കാദമിക പ്ലാൻ:2025 – 26

### ആമുഖം

**വിദ്യാലയം**

മലപ്പുറം ജില്ലയിലെ മലപ്പുറം വിദ്യാഭ്യാസ ജില്ലയിലെ കുഴിമണ്ണ ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിലാണ് കിഴിശ്ശേരി ജി.എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നത്.

**ചരിത്രം**

1925 ജൂൺ 12 നാണ് കിഴിശ്ശേരി ഗ്രാമത്തിൽ ഈ പ്രൈമറി വിദ്യാലയത്തിന് തുടക്കം കുറിച്ചത്. ബോർഡ് എലിമെന്ററി സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ വിദ്യാലയം മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമമായ മലബാർ ഡിസ്ട്രികറ്റ് ബോർഡിന്റെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്.ബോർഡ് എലിമെന്ററി സ്കൂൾ പിന്നീട് കിഴിശ്ശേരി ജി.എൽ.പി.സ്കൂളായി പുനർനാമകരണം ചെയ്തു.

കാലചക്രത്തിന്റെ വേഗതയിൽ കിഴിശ്ശേരി ഏറെ മുന്നോട്ട്പോയി.സ്കൂളിന്റെ മഴനനഞ്ഞു വിറക്കുന്ന ഓലഷെഡുകൾ അപ്രത്യക്ഷമായി.ഓടിട്ട കെട്ടിടങ്ങളും കോൺക്രീററ് കെട്ടിടങ്ങളും വന്നു.കുട്ടികളുടെ എണ്ണം വർദ്ധിക്കുകയും അതിനോടൊപ്പം പഠനമികവും സ്കൂളിന് കൂട്ടായി.മാറിാറി വരുന്ന പി.ടി.എ,എസ്.എം.സി,തദ്ദേശ സ്ഥാപനങ്ങൾ എന്നിവരുടെ പിന്തുണയും നാട്ടുകാരുടെയും രക്ഷിതാക്കളുടെയും സഹകരണവും സ്കൂളിന്റെ വികസനത്തിന് മുതൽകൂട്ടായി.ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന ലോവർ പ്രൈമറി സ്കൂൾ എന്ന ഖ്യാതി നിലനിൽക്കെ പാഠ്യപ്രവർത്തനങ്ങളിലും പാഠ്യേതരപ്രവർത്തനങ്ങളിലും ഈ വിദ്യാലയം മുന്നിട്ട് നിൽക്കുന്നു. 2010 അധ്യായന വർഷത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ ഒന്നാം ക്ളാസിൽ ചേർത്തതിനുള്ള പാരിതോഷികം 10 ലക്ഷം രൂപ ഈ വിദ്യാലയത്തിന് സർക്കാറിൽ നിന്ന് ലഭിച്ചിരുന്നു.

വിദ്യാലയത്തിന്റെ സമഗ്ര വികസനത്തിന് സ്കൂളിലെ പ്രവർത്തനങ്ങളെല്ലാം പി.ടി.എയുടെ സഹായത്തോട് കൂടി നടത്തുന്നുണ്ട്. പൊതു വിദ്യഭ്യാസം മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിദ്യാലയ വികസന സമിതി രൂപീകരിച്ചിട്ടുണ്ട്. വിദ്യാലയ വികസന സമിതിയും വേണ്ട സഹകരങ്ങൾ ചെയ്ത് വരുന്നു.

സബ്ജില്ലാ തലത്തിൽ കലാ-കായിക-പ്രവൃത്തി പരിചയമേളകളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും, കുട്ടികൾ മികച്ച പ്രകടനം കാഴ്ചവെക്കുകയും ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ ദിനാചരണങ്ങൾ നടത്തുന്നതിലും അവയുടെ പ്രാധാന്യം കുഞ്ഞുങ്ങളിൽ എത്തിക്കുന്നതിനും സ്കൂളിന് കഴിയുന്നുണ്ട്. എല്ലാദിവസവും പോഷക സമൃദ്ധമായ കറികളും, ചോറും, ആഴ്ചയിൽ 2 ദിവസം പാലും, ഒരുദിവസം മുട്ടയും നൽകുന്നുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, ഇവയിൽ പി.ടി.എ-എം.പി.ടി.എ പങ്കാളിത്തങ്ങൾ നടന്നുവരുന്നു.

വിദ്യഭ്യാസ മേഖലയിൽ സമഗ്രമായ വികസനം ലക്ഷ്യം വച്ച് കൊണ്ട് നടത്തപ്പെടുന്ന പ്രവർത്തങ്ങളുടെ ഭാഗമായി നമ്മുടെ സ്കൂളിന്റെ അക്കാദമികമായ വികസനത്തിന് വേണ്ട ഒരു കരട് ആസൂത്രണമാണ് ഇവിടെ സമർപ്പിക്കുന്നത്. ഒരു നല്ല മാതൃകാ വിദ്യാലയമായി ഈ സ്ഥാപനം മാറണം. അതിന് നമ്മുടെയെല്ലാം ഭാഗത്ത് നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാവണമെന്ന് ഉണർത്തിക്കൊണ്ട് നമ്മുടെ കുട്ടികൾക്ക് നിലവിലുള്ളതിനേക്കാൾ കൂടുതലായി ഭാഷാകഴിവുകളും ജീവിത അനുഭവങ്ങളും ഉന്നത ചിന്തയുമെല്ലാം നൽകുന്നതിന്റെ ഭാഗമായി നമ്മുടെ സ്കൂളിൽ നമ്മളെല്ലാം ഒരുമിച്ചു ചേർന്ന് രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്ന അക്കാദമിക ആസൂത്രണത്തിന്റെ ഒരു കരട് നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു

# അക്കാദമിക പ്ലാൻ

## ലക്ഷ്യങ്ങൾ

- ഉന്നത വിദ്യാഭ്യാസം ലക്ഷ്യമിട്ടു കൊണ്ടുള്ള സമഗ്ര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
- അക്കാദമിക മികവുകൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ഭൗതിക സൗകര്യങ്ങൾ ആധുനികവത്കരിക്കാൻ ശ്രമിക്കൽ
- കരിക്കുലത്തിനപ്പുറം ക്ലാസ്സ് അന്തരീക്ഷം വികസിക്കുന്നതോട് കൂടി ഓരോ വിദ്യാർത്ഥിയുടേയും കഴിവുകൾ പരിപോഷിപ്പിക്കുക.
- പിന്നോക്കമുള്ള വിദ്യാർത്ഥികൾക്ക് മുന്നോട്ട് വരാനും പാഠ്യ– പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കാനും സാധിക്കുക.
- സാമൂഹികമായ വെല്ലുവിളികളെ നേരിടാനും മാറുന്ന കാലത്തിന്റെ രീതിക്കനുസരിച്ച് ശേഷികളേയും കഴിവുകളേയും വികസിപ്പിക്കുവാനും സാധിക്കുക.
- സ്കൂൾ അധ്യാപക – വിദ്യാർത്ഥി ബന്ധങ്ങൾക്കപ്പുറം സമൂഹത്തിലെ ഇടപെടലുകളിലൂടെ അറിവുകൾ സ്വാംശീകരിക്കുന്നതിന് പങ്കാളിത്തം വഹിക്കാൻ സാധിക്കുക.
- അനുഭവ പഠനത്തിലൂടെ യാഥാർത്ഥ്യ ബോധമുള്ള ഒരു പുതിയ തലമുറ സൃഷ്ടിക്കാൻ കഴിയുക.
- ഗുണപരമായ മൂല്യവത്തായ അറിവിന്റെ ചുറ്റുപാടുകൾ നൽകാൻ സാധിക്കുക.
- ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള രസകരമായ പഠനാന്തരീക്ഷം കുട്ടികൾക്ക് നൽകുക.
- രക്ഷിതാക്കളിൽ ഗുണമേൻമാ വിദ്യഭ്യാസത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക.
- ജനാധിപത്യ – മാനവിക മൂല്യങ്ങളെ ഉൾക്കൊണ്ടുള്ള പഠന സംസ്കാരം സമൂഹത്തിന് നൽകുക.
- പാരിസ്ഥിതികാവബോധം സൃഷ്ടിക്കുക.
- പ്രാദേശിക സാധ്യതകളേയും നാട്ടറിവുകളേയും ഉപയോഗപ്പെടുത്തി പഠന പ്രക്രിയ കൂടുതൽ അനുഭവ സാധ്യമാക്കുക.

# അക്കാദമിക് പ്ലാൻ – 2025 – 26

## മുന്നൊരുക്കം

| Sl No: | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പുതിയ അധ്യയന വർഷത്തേക്കുള്ള അഡ് മിഷൻ | • പി.ടി.എ - എം.പി.ടി.എ യോഗങ്ങൾ<br>• കുട്ടികളെ കണ്ടെത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യൽ<br>• ഫീൽഡ് ട്രിപ്പുകൾ /ഗൃഹ സന്ദർശനങ്ങൾ<br>• പ്രചാരണ പ്രവർത്തനങ്ങൾ | ഫെബ്രു - ജൂൺ | | |
| 2 | സ്കൂൾ ശുചീകരണം, അലങ്കരിക്കൽ | • ക്ലാസ്സ് മുറികൾ വൃത്തിയാക്കി, അലങ്കരിക്കൽ<br>• ക്ലാസ്സുകളിലേക്ക് ആവശ്യമായ വസ്തുക്കൾ സജ്ജീകരിക്കൽ | മെയ് | | |
| 3 | പ്രവേശനോത്സവം | • നവാഗതരെ സ്വീകരിക്കൽ<br>• അവർക്ക് ഉപഹാരങ്ങൾ നൽകൽ<br>• അസ്സംബ്ലി<br>• ഉന്നത വിജയങ്ങൾ നേടിയ കുട്ടികളെ ആദരിക്കൽ | ജൂൺ | | |
| 4 | പ്രി ടെസ്റ്റ് | • ഓരോ ക്ലാസ്സുകളിലും പ്രത്യേകം തയ്യാർ ചെയ്ത മെറ്റീരിയലുകൾ ഉപയോഗിച്ച് പ്രിടെസ്റ്റ് നടത്തൽ.<br>• പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവരെ മുന്നിലേക്കെത്തിക്കാനുള്ള മാർഗ്ഗങ്ങൾ തയ്യാറാക്കൽ | ജൂൺ | | |

# അക്കാദമിക് പ്ലാൻ – 2025 – 26

## മലയാളം

| Sl No: | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അക്ഷരങ്ങൾ തിരിച്ചറിയൽ | • കുട്ടികൾക്ക് വ്യത്യസ്ഥ അക്ഷര കാർഡുകൾ നൽകുന്നു.<br>• കുട്ടികൾക്ക് വ്യത്യസ്ഥ ചിത്രങ്ങൾ (ഫലവർഗ്ഗങ്ങൾ, ജീവികൾ, സസ്യങ്ങൾ മുതലായവ) നൽകുന്നു.<br>• അക്ഷര കാർഡുപയോഗിച്ച് കുട്ടികൾ അവയുടെ പേരുകൾ നിർമിക്കുന്നു. | | | |
| 2 | പദങ്ങൾ വാക്യങ്ങൾ വായിക്കൽ | • അക്ഷര കാർഡുകൾ നൽകി പദനിർമാണം<br>• വാക്യങ്ങൾ നിർമിക്കൽ<br>• ഓഡിയോ വീഡിയോ ക്ലിപ്പുകൾ ഉപയോഗിക്കുന്നു. | | | |
| 3 | മലയാളം കവിതകൾ | • ഈണം താളം അനുസരിച്ച് കവിതകൾ കേൾപിക്കൽ<br>• കുട്ടികൾ കവിതകൾ സ്വയം ചൊല്ലുന്നു<br>• സ്വന്തമായി മലയാളം ലഘു കവിതകൾ ഉണ്ടാക്കുന്നു<br>• വീഡിയോ ക്ലിപ്പുകൾ കാണിക്കുന്നു<br>• ലഘുകവിതകൾ സ്വയം ഉണ്ടാക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു (3,4 ക്ലാസ്സുകൾ)<br>• കുട്ടികൾ രചനകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | | | |
| 4 | മലയാളം കഥകൾ | • വീഡിയോ ക്ലിപ്പുകൾ കുട്ടികളെ കാണിക്കുന്നു<br>• പാഠപുസ്തകത്തിലെ കഥകൾ കുട്ടികൾ ചിത്രീകരണ രൂപത്തിൽ ക്ലാസ്സിൽ അവതരിപ്പിക്കുന്നു | | | |
| 5 | കുട്ടി ക്കഥകളും കവിതകളും പരിചയപ്പെടുത്തൽ | • എല്ലാ ദിവസവും കഥാ- കവിതാ ലഘുപുസ്തകങ്ങൾ, കാർഡുകൾ പരിചയപ്പെടുത്തുന്നു.<br>• വീഡിയോ ക്ലിപ്പുകൾ ഉപയോഗപ്പെടുത്തുന്നു | | | |
| ٦ | മലയാളം ലൈബ്രറി | • പുസ്തകങ്ങൾ ശേഖരിക്കുന്നു<br>• വയനാശീലം ഉണ്ടാക്കാൻ നിർദേശങ്ങൾ നൽകുന്നു<br>• വായിച്ച പുസ്തകങ്ങളുടെ വായനാ കുറിപ്പുകൾ തയ്യാറാക്കൽ<br>• മികച്ച കുറിപ്പുകൾക്ക് സമ്മാനങ്ങൾ നൽകൽ<br>• വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>• ഐ.ടി ഉപയോഗം | | | |

| | | | | | |
|---|---|---|---|---|---|
| ൭ | സാഹിത്യ വേദി | • കലാ-സാഹിത്യ ബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുന്നു<br>• ബാലസഭ ക്രിയാത്മകമായി സംഘടിപ്പിക്കുന്നു<br>• മേളകളിൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്നു<br>• സാഹിത്യ-സാംസ്കാരിക കൊളാഷ് പ്രദർശനം സംഘടിപ്പിക്കുന്നു | | | |
| 8 | ദിനാചരണ ങ്ങൾ | • ദിനാചരണങ്ങളുടെ ഭാഗമായി ചുമർപത്രങ്ങൾ/ കയ്യെഴുത്ത് മാഗസിനുകൾ/ പ്രബന്ധങ്ങൾ മുതലായവ ഉണ്ടാക്കുന്നു<br>• ഇതിന്റെ ഭാഗമായി അസ്സംബ്ലിയിൽ കുട്ടികൾ പ്രസംഗം അവതരിപ്പിക്കുന്നു | | | |
| 9 | മലയാളത്തിള ക്കം | • മലയാളത്തിളക്കം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കൽ<br>• എല്ലാ കുട്ടികളും മലയാളം വായിക്കാനും എഴുതാനും കഴിവുള്ളവരാണെന്ന് ഉറപ്പ് വരുത്തൽ | | | |
| 10 | മറ്റു പ്രവർത്തന ങ്ങൾ | • വായനാമൂല<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• പത്രവായന<br>• ഇ-വായന<br>• ഡയറി എഴുത്ത്<br>• ചുമർപത്രിക/പതിപ്പുകൾ തയ്യാറാക്കൽ<br>• സാഹിത്യകാരൻമാരെ പരിചയപ്പെടൽ | | | |

# അക്കാദമിക് പ്ലാൻ – 2025 – 26

## അറബിക്

| Sl No: | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അക്ഷരം ഉറപ്പിക്കൽ | • കുട്ടികൾക്ക് വ്യത്യസ്ഥ അക്ഷര കാർഡുകൾ നൽകുന്നു.<br>• കുട്ടികൾക്ക് വ്യത്യസ്ഥ ചിത്രങ്ങൾ (ഫലവർഗ്ഗങ്ങൾ, ജീവികൾ, സസ്യങ്ങൾ മുതലായവ) നൽകുന്നു.<br>• അക്ഷര കാർഡുപയോഗിച്ച് കുട്ടികൾ അവയുടെ പേരുകൾ നിർമിക്കുന്നു. | ഒരു മാസം | സി.ഡി , ഐ.സി.റ്റി | എസ് ആർ ജി, ബി ആർ സി |
| 2 | അറബി കവിത | • കുട്ടികളെ അറബി ലഘു കവിതകൾ കേൾപ്പിക്കുന്നു.<br>• ഓഡിയോ വീഡിയോ ക്ലിപ്പുകൾ ഉപയോഗിക്കുന്നു.<br>• കുട്ടികൾ കവിതകൾ സ്വയം ചൊല്ലുന്നു<br>• സ്വന്തമായി അറബി ലഘു കവിതകൾ ഉണ്ടാക്കുന്നു | രണ്ട് ആഴ്ച | സി.ഡി , ഐ.സി.റ്റി | എസ് ആർ ജി, ബി ആർ സി ഡയറ്റ് |
| 3 | അറബി കഥ | • അറബി ലഘു കഥകൾ കുട്ടികളോട് പറയുന്നു.<br>• കഥകളുടെ വീഡിയോ ക്ലിപ്പുകൾ കാണിക്കുന്നു<br>• അറബി ചിത്ര കഥകൾ നൽകുന്നു<br>• അറബിയിലുള്ള ലഘു കഥാ പുസ്തകങ്ങൾ നൽകുന്നു<br>• അറബിയിൽ ലഘു കഥകൾ സ്വയം ഉണ്ടാക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു (3,4 ക്ലാസ്സുകൾ)<br>• കുട്ടികൾ രചനകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | ഒരു മാസം | | |
| 4 | അറബി സംഭാഷണം | • അറബി ഭാഷ സംസാരിക്കുന്നതിന്റെ വീഡിയോ ക്ലിപ്പുകൾ കുട്ടികളെ കാണിക്കുന്നു<br>• കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പുകൾ തമ്മിൽ അറബിയിൽ സംസാരിക്കുന്നു.<br>• പാഠഭാഗങ്ങൾ കുട്ടികൾ സംഭാഷണ രൂപത്തിൽ അവതരിപ്പിക്കുന്നു<br>• അറബി ഭാഷാ നാടക കളരികൾ സംഘടിപ്പിക്കുന്നു<br>• പാഠഭാഗങ്ങൾ കുട്ടികൾ സ്വയം ചിത്രീകരണ രൂപത്തിൽ അറബിയിൽ അവതരിപ്പിക്കുന്നു. | രണ്ട് മാസം | | |
| 5 | അറബി എഴുത്ത് | • അക്ഷരങ്ങളുടെ പരസ്പര ബന്ധം മനസ്സിലാക്കുന്നതിനുള്ള ചെറു വാക്കുകൾ കുട്ടികൾ അക്ഷര കാർഡുപയോഗിച്ച് നിർമിക്കുന്നു<br>• ഗ്രാഫിക്കൽ എഴുത്തിനു യോജിച്ച വർക്ക് ഷീറ്റുകൾ നൽകി കുട്ടികൾ പൂർത്തിയാക്കുന്നു | | | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| | | • കുട്ടികളുടെ കുടുംബത്തെ കുറിച്ചുള്ള ലഘു വിവരണം തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.<br>• വ്യത്യസ്ഥ സ്ഥാപനങ്ങൾ സന്ദർശിച്ച് കുട്ടികൾ ലഘു കുറിപ്പുകൾ തയ്യാറാക്കുന്നു<br>• പ്രശസ്ത വ്യക്തികളുടെ ജീവ ചരിത്രം വായിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു<br>• വ്യത്യസ്ഥങ്ങളായ അറബി പുസ്തകങ്ങൾ വായിച്ച് ലഘു കുറിപ്പുകൾ തയ്യാറാക്കുന്നു<br>• കുട്ടികൾ തയ്യാറാക്കിയ കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു<br>• മികച്ച കുറിപ്പുകൾ സ്കൂൾ അസ്സംബ്ലിയിൽ അവതരിപ്പിക്കുന്നു. | മൂന്ന് മാസം | സി.ഡി , ഐ.സി.റ്റി, ടെക്സ്റ്റ് ബുക്ക്, ലൈബ്രറി | എസ്.ആർ.ജി ബി.ആർ.സി ഡയറ്റ് |
| ٦ | അറബിക് പ്ലക്കാർഡുകൾ, റീഡിംഗ് കാർഡുകൾ | • വ്യത്യസ്ഥ ദിനാചരണങ്ങളുടെ ഭാഗമായി തീം ബോർഡുകൾ, പ്ലക്കാർഡുകൾ ഉണ്ടാക്കൽ<br>• സ്കൂളിലും പരിസരങ്ങളിലും പതിക്കാവുന്ന പൊതുവായ പോസ്റ്ററുകൾ ഉണ്ടാക്കാൻ പരിശീലനം നൽകൽ<br>• കുട്ടികൾ സ്വയം ഉണ്ടാക്കി അവ യോജിച്ച സ്ഥലങ്ങളിൽ പതിക്കൽ | | | |
| ٧ | അറബിക് ക്ലബ്ബ് | • അറബിക് ക്ലബ്ബ് രൂപീകരണം<br>• ക്ലബ്ബിന് ഭാരവാഹികളെ കണ്ടെത്തൽ<br>• വിവിധ കലാ- കായിക- വൈജ്ഞാനിക പരിപാടികൾ സംഘടിപ്പിക്കൽ | | | |

# അക്കാദമിക് പ്ലാൻ – 2025 – 26

## ഇംഗ്ലീഷ്

| Sl No: | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് സംസാരിക്കാനുള്ള കഴിവ് നേടൽ (സംഭാഷണം) | • ക്ലാസ്സ് റൂമിലുള്ള വിവിധ ഉപകരണങ്ങളുടെ പേരു പറയിക്കൽ<br>• വിവിധ ചിത്രങ്ങൾ കാണിച്ച് പേരു പറയിപ്പിക്കൽ<br>• ഇംഗ്ലീഷ് സംസാരിക്കുന്നതിന്റെ ഓഡിയോ വീഡിയോ കേൾപ്പിക്കൽ<br>• കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി ചോദ്യവും ഉത്തരവും പറയിപ്പിക്കൽ<br>• വർക്ക് ഷീറ്റ് നൽകി പൂരിപ്പിക്കാൻ ആവശ്യപ്പെടൽ | ഒരു മാസം | ചിത്രങ്ങൾ സി.ഡി, ഐ.സി.റ്റി | എസ് ആർ ജി, ബി ആർ സി |
| 2 | ഇംഗ്ലീഷ് കവിതകൾ | • വിവിധ റൈമുകൾ കുട്ടികളെ ചൊല്ലി കേൾപ്പിക്കുക.<br>• റൈംസ് അടങ്ങിയ ഓഡിയോ വീഡിയോ ക്ലിപ്പുകൾ കുട്ടികളെ കാണിക്കുക<br>• കുട്ടികളോട് സ്വന്തമായി റൈമുകൾ ഉണ്ടാക്കാൻ ആവശ്യപ്പെടുക | രണ്ട് ആഴ്ച | സി.ഡി, ഐ.സി.റ്റി | എസ് ആർ ജി, |
| 3 | വിവരണം | • വ്യത്യസ്ഥ ചിത്രങ്ങൾ കാണിച്ച് കുട്ടികളോട് വിവരണം നൽകാൻ ആവശ്യപ്പെടുന്നു<br>• കുട്ടികൾക്ക് വിവിധ സ്ഥലങ്ങളെ കുറിച്ചും വ്യക്തികൾ, സംഭവങ്ങൾ, എന്നിവയെ കുറിച്ചും വിവരണം ഉള്ള വീഡീയോ ക്ലിപ്പുകൾ കാണിക്കുന്നു<br>• വർക്ക് ഷീറ്റുകൾ നൽകി പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നു | രണ്ട് ആഴ്ച | സി.ഡി, ഐ.സി.റ്റി | പി.ടി.എ എസ്.ആർ.ജി ബി.ആർ.സി |
| 4 | സ്റ്റോറി ടൈം | • ജൂൺ ജൂലൈ മാസങ്ങളിൽ ആഴ്ചയിൽ രണ്ട് ദിവസം ഇംഗ്ലീഷ് ഡേ ആക്കി മാറ്റുന്നു<br>• ഉച്ച വരെ മുഴുവൻ സമയം ഉപയോഗിക്കാം<br>• പാഠഭാഗവുമായി ബന്ധപ്പെട്ട കഥാ ഭാഗങ്ങൾ കണ്ടെത്തുന്നു<br>• വിവിധ കഥകൾ അടങ്ങിയ ഓഡിയോ വീഡിയോ ക്ലിപ്പുകൾ കുട്ടികളെ കാണിക്കുന്നു<br>• കുട്ടികൾ വ്യത്യസ്ഥ രീതിയിൽ കഥകൾ അവതരിപ്പിക്കുന്നു (ഉദാഹരണം: കഥ പറയൽ, നാടകം, പാവക്കളി) | രണ്ട് മാസം | ചിത്രങ്ങൾ സി.ഡി , ഐ.സി.റ്റി | പി.ടി.എ എസ്.ആർ.ജി ബി.ആർ.സി ഡയറ്റ് |

| | | | | | |
|---|---|---|---|---|---|
| 5 | ഡ്രാമ (പാഠ ഭാഗങ്ങൾ ലഘു നാടക രൂപത്തിൽ അവതരിപ്പിക്കുക) | • കുട്ടികളെ വ്യത്യസ്ഥ ഗ്രൂപ്പുകളായി തിരിക്കുന്നു (3,4 ക്ലാസ്സുകൾ)<br>• പാഠഭാഗങ്ങൾ കുട്ടികൾക്ക് വീതിച്ച് നൽകുന്നു<br>• പാഠഭാഗങ്ങൾ കുട്ടികൾ ലഘു നാടക രൂപത്തിൽ അവതരിപ്പിക്കുന്നു<br>• കുട്ടികളെ നാടകവും സംഭാഷണവും അടങ്ങിയ വീഡിയോ ക്ലിപ്പുകൾ കാണിക്കുന്നു.<br>• വിവിധ ഗ്രൂപ്പുകളോട് തങ്ങൾ അവതരിപ്പിച്ച നാടക രൂപത്തിലെ തെറ്റുകൾ തിരുത്താൻ ആവശ്യപ്പെടുന്നു<br>• നാടക രൂപത്തിന്റെ പുനരവതരണം. | ഒരു മാസം | ഐ.സി.റ്റി, ടെക്സ്റ്റ് ബുക്ക് | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി |
| 6 | ലൈബ്രറി ഉപയോഗം | • സ്കൂൾ ലൈബ്രറിയിലെ ലഘുവായ ഇംഗ്ലീഷ് പുസ്തകങ്ങൾ കുട്ടികൾക്ക് നൽകുന്നു (ആഴ്ചയിൽ ഒന്ന് വീതം മാറി നൽകണം)<br>• വായിച്ച പുസ്തകത്തെ പറ്റി കുട്ടികൾ ലഘു കുറിപ്പുകൾ തയ്യാറാക്കണം<br>• ഇംഗ്ലീഷ് ഡേയിൽ കുട്ടികൾ കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കണം<br>• മികച്ച കുറിപ്പുകൾ അസ്സംബ്ലിയിൽ അവതരിപ്പിക്കുന്നു | ഒരു വർഷം | | |
| 7 | ഇംഗ്ലീഷ് അസ്സംബ്ലി | • ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസ്സംബ്ലി നടത്തുന്നു<br>• കുട്ടികളുടെ വായനാ കുറിപ്പുകൾ അവതരണം<br>• ഇംഗ്ലീഷ് വാർത്താ വായന<br>• കുട്ടികളുടെ ഇംഗ്ലീഷ് പ്രസംഗം<br>• ഇംഗ്ലീഷ് കവിത, റൈം അവതരണം | ഒരു വർഷം | | പി.ടി.എ<br>എസ്.ആർ.ജി |
| 8 | മറ്റു പ്രവർത്തനങ്ങൾ | • ഇംഗ്ലീഷ്ഡയറി<br>• പതിപ്പുകൾ, മാഗസിനുകൾ ശേഖരിക്കൽ<br>• ഇംഗ്ലീഷ്വർക്ക്ഷോപ്പുകൾ | | | |

# അക്കാദമിക് പ്ലാൻ – 2025 – 26

## പരിസ്ഥിതി പഠനം

| Sl No: | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ശുചിത്വവും ആരോഗ്യവും | • ലഘു പരീക്ഷണങ്ങൾ<br>• ഐ.സി.റ്റിയുടെ ഉപയോഗം<br>• നല്ല ആഹാര ശീലങ്ങളെ കുറിച്ചുള്ള വീഡിയോ ക്ലിപ്പ് കാണിക്കൽ<br>• വർക്ക് ഷീറ്റ് | ഒരു മാസം | ലാബ്<br>ഐ.സി.റ്റി<br>എൽ.സി.ഡി | എസ് ആർ ജി, ബി ആർ സി |
| 2 | വളർത്തു ജീവികൾ, വിവിധയിനം കൃഷികൾ | • നിരീക്ഷണത്തിലൂടെ വിവിധയിനം വളർത്തു ജീവികളുടെ വിവരങ്ങൾ ശേഖരിക്കൽ, രേഖപ്പെടുത്തൽ<br>• അവയുടെ പ്രയോജനം<br>• പല രീതിയിലുള്ള വൈവിധ്യം കണ്ടെത്തൽ<br>• കൃഷി രീതികൾ<br>• കൃഷി ഉപകരണങ്ങൾ എന്നിവയുടെ നിരീക്ഷണം<br>• ലഘു പരീക്ഷണങ്ങൽ<br>• വർക്ക് ഷീറ്റ്<br>• പച്ചക്കറി തോട്ട നിർമാണം<br>• കർഷകരുമായുള്ള അഭിമുഖം | രണ്ട് മാസം | ഐ.സി.റ്റി<br>എൽ.സി.ഡി | പി.ടി.എ<br>എസ്.ആർ.ജി<br>ഡയറ്റ് |
| 3 | വാഹനങ്ങൾ | • വാഹനങ്ങളും അവയുടെ സഞ്ചാര രീതിയും നിരീക്ഷണം<br>• വീഡിയോ ക്ലിപ്പിംഗുകൾ കാണിക്കൽ<br>• വർക്ക് ഷീറ്റുകൾ<br>• ഫീൽഡ് ട്രിപ്പ് | ഒരു മാസം | ഐ.സി.റ്റി<br>എൽ.സി.ഡി | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി<br>ഡയറ്റ് |
| 4 | വിവിധ പൊതു സ്ഥാപനങ്ങളുടെ പ്രവർത്തനം - പൊതു ഇടം | • കുട്ടികൾ പരിസരത്തുള്ള വിവിധ പൊതു സ്ഥാപനങ്ങൾ സന്ദർശിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു<br>• നിരീക്ഷിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നു<br>• ഇവയുടെ പ്രവർത്തനത്തെ പറ്റി നിഗമനങ്ങളിൽ എത്തിച്ചേരുന്നു<br>• വീഡിയോ ക്ലിപ്പുകൾ ഉപയോഗിക്കാം<br>• ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കാം. | രണ്ട് മാസം | ഐ.സി.റ്റി<br>എൽ.സി.ഡി | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി |

| | | | | | |
|---|---|---|---|---|---|
| 5 | ആഹാര ശീലങ്ങൾ | • അഹാരത്തിലെ ചേരുവകൾ പട്ടികപ്പെടുത്തുന്നു<br>• ആഹാരത്തിലെ രുചിവ്യത്യാസങ്ങളുടെ കാരണങ്ങൾ (ചർച്ച)<br>• ആരോഗ്യത്തിനു ദോഷം ചെയ്യുന്ന ആഹാര വസ്തുക്കൾ- ചർച്ച<br>• ആരോഗ്യ പ്രവർത്തകരുടെ ക്ലാസ്സ് (വീഡിയോ ക്ലിപ്പിംഗ് ഉപയോഗിക്കുന്നു)<br>• ബോധവത്കരണ ക്ലാസ്സ് | രണ്ട് മാസം | ലൈബ്രറി<br>ഐ.സി.റ്റി<br>എൽ.സി.ഡി | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി<br>ഡയറ്റ്<br>പി.എച്.സി |
| 6 | ഗതാഗത നിയമങ്ങൾ | • ഫീൽഡ് ട്രിപ്പ്<br>• ട്രാഫിക് സിഗ്നലുകൾ പരിചയപ്പെടുത്തുന്നു<br>• റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസ്സ്<br>• വാഹനം ഓടിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളുടെ ചാർട്ട് പ്രദർശനം<br>• വീഡിയോ ക്ലിപ്പിംഗ്<br>• പോസ്റ്റർ പ്രദർശനം | രണ്ട് മാസം | ഐ.സി.റ്റി | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി |
| 7 | വീട് നിർമാണം | • ഫീൽഡ് ട്രിപ്പ്<br>• വീടു നിർമാണം നിരീക്ഷിക്കുന്നു<br>• രേഖപ്പെടുത്തുന്നു<br>• വീട് നിർമാണ സാമഗ്രികളെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുന്നു | ഒരുആഴ്ച | | പി.ടി.എ<br>എസ്.ആർ.ജി |
| 8 | വസ്ത്ര നിർമാണം | • വസ്ത്ര നിർമാണത്തിനുള്ള നാരുകൾ എങ്ങനെയെല്ലാം ലഭിക്കുന്നു എന്ന് കണ്ടെത്തൽ- ലൈബ്രറി ഐ.സി.ടി എന്നിവയിലൂടെ.<br>• നെയ്ത്തു ശാലാ സന്ദർശനം<br>• വസ്ത്ര നിർമാണ ശാലാ സന്ദർശനം | ഒരുമാസം | ഐ.സി.റ്റി | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി |
| 9 | തൊഴിൽ ഉപകരണങ്ങൾ | • വിവിധ തൊഴിലുകൾ ഏതെല്ലാമാണെന്ന് വിവര ശേഖരണത്തിലൂടെ കണ്ടെത്തുന്നു<br>• വിവിധ തൊഴിലുപകരണങ്ങളുടെ പ്രദർശനം<br>• അവയുടെ ഉപയോഗം മനസ്സിലാക്കുന്നു<br>• വീഡിയോ ക്ലിപ്പുകൾ ഉപയോഗിക്കുന്നു | ഒരുമാസം | ഐ.സി.റ്റി | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി<br>ഡയറ്റ് |
| 10 | പരിസ്ഥിതിയുമായുള്ള ബന്ധം മെച്ചപ്പെടുത്താനും | • പരിസ്ഥിതി ക്ലബ്ബ് രൂപീകരണം<br>• സ്കൂളിൽ പച്ചക്കറി തോട്ടം, ജൈവ വൈവിധ്യ പാർക്ക് എന്നിവയുടെ നിർമാണം<br>• വിവിധ ശാസ്ത്ര ക്ലബ്ബുകളുടെ രൂപീകരണം<br>• ലബോറട്ടറികളുടെ വിപുലീകരണം | എട്ട് മാസം | ഐ.സി.റ്റി<br>ലൈബ്രറി<br>ലാബ് | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി |


| | | | | | |
|---|---|---|---|---|---|
| | ശാസ്ത്രാഭിരുചി വളർത്താനും | • ലഘു പരീക്ഷണങ്ങൾ, പ്രോജക്ടുകൾ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്തമുറപ്പിക്കുന്നു<br>• പഠന യാത്രകൾ സംഘടിപ്പിക്കുന്നു<br>• വിവിധ വീഡിയോ ക്ലിപ്പുകൾ പ്രദർശിപ്പിക്കുന്നു<br>• ശാസ്ത്ര പ്രദർശനം നടത്തുകയും വിവിധ പ്രദർശനങ്ങൾ കുട്ടികളെ കാണിക്കുകയും ചെയ്യുന്നു<br>• കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ തുടങ്ങിയവയുടെ സന്ദർശനം | | | ഡയറ്റ് |
| 11 | ഗ്രഹങ്ങൾ ഉപഗ്രഹങ്ങൾ നക്ഷത്രങ്ങൾ എന്നിവയെ കുറിച്ചുള്ള അറിവ് | • ആകാശനിരീക്ഷണ ക്യാമ്പ് സംഘടിപ്പിക്കുന്നു<br>• വാന നിരീക്ഷണ ശാല സന്ദർശിക്കുന്നു<br>• ഐ.സി.റ്റി ഉപകരണങ്ങളുടെ സഹായത്താൽ ഗ്രഹങ്ങൾ ഉപഗ്രഹങ്ങൾ നക്ഷത്രങ്ങൾ സൗരയൂഥം എന്നിവയെ കുറിച്ച് കൂടുതൽ അറിവ് നേടുന്നു<br>• ശാസ്ത്ര മാഗസിനുകൾ വായിച്ച് വിവര ശേഖരണം നടത്തുന്നു | രണ്ട് ആഴ്ച | ലൈബ്രറി, ഐ.സി.റ്റി, വാന നിരീക്ഷണ ഉപകരണം | പി.ടി.എ എസ്.ആർ.ജി ബി.ആർ.സി ഡയറ്റ് |
| 12 | വാർത്താ വിനിമയ ഉപാധികൾ | • വാർത്താവിനിമയ ഉപാധികളെ സംബന്ധിച്ചുള്ള സെമിനാർ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു<br>• ഐ.സി.റ്റിയുടെ സഹായത്തോടെ ഇവയുടെ പ്രവർത്തനവും- കൂടുതൽ വിവരശേഖരണം<br>• ഫീൽഡ് ട്രിപ്പ് വഴി വാർത്താ വിനിമയ സംവിധാനത്തെ കുറിച്ച് അറിവ് നേടുന്നു | ഒരു മാസം | ഐ.സി.റ്റി | പി.ടി.എ എസ്.ആർ.ജി ബി.ആർ.സി ഡയറ്റ് |

# അക്കാദമിക് പ്ലാൻ – 2025 – 26

## ഗണിതം

| Sl No: | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | സംഖ്യാബോധം | • മഞ്ചാടി, മുത്ത്, കല്ലുകൾ മുതലായവ ഉപയോഗിച്ച് 1-20 വരെയുള്ള സംഖ്യകളുടെ കൂട്ടങ്ങൾ തയ്യാറാക്കുക.<br>• ഇവ ഉപയോഗിച്ച് സംഖ്യകളുടെ വ്യാഖ്യാനം<br>• വർക്ക് ഷീറ്റുകൾ ഉപയോഗിക്കൽ<br>• വിവിധ തരം കളികൾ<br>• 1 മുതൽ 20 വരെയുള്ള സംഖ്യകളുടെ അവരോഹണം<br>• വിവിധ വസ്തുക്കൾ, വർക്ക് ഷീറ്റ് എന്നിവ ഉപയോഗിക്കാം<br>• ഐ.സി.റ്റി ഉപയോഗിച്ച് വ്യത്യസ്ഥ കളികൾ | ഒരു മാസം | വിവിധ വസ്തുക്കൾ, ഐ.സി.റ്റി, എൽ.സി.ഡി | എസ് ആർ ജി, ബി ആർ സി പി.ടി.എ |
| 2 | സങ്കലന വ്യവകലന പ്രക്രിയകൾ | • ക്ലാസ്സ് റൂമിൽ രൂപപ്പെടുത്തുന്ന പ്രായോഗിക പ്രശ്നങ്ങൾ<br>• മുത്ത്, മഞ്ചാടി മുതലായ വസ്തുക്കളുടെ ഉപയോഗം<br>• ഐ.സി.റ്റിയുടെ ഉപയോഗം<br>• വർക്ക് ഷീറ്റുകൾ | രണ്ട് ആഴ്ച | | |
| 3 | ആകൃതികൾ അളവുകൾ | • കുട്ടികൾക്ക് വ്യത്യസ്ഥ രൂപങ്ങൾ നൽകി നിരീക്ഷിക്കാനും താരതമ്യം ചെയ്യാനുമുള്ള അവസരം<br>• വ്യത്യസ്ഥ രൂപങ്ങൾ വരക്കൽ<br>• രൂപങ്ങൾക്ക് നിറം നൽകൽ<br>• നീളം അളക്കൽ<br>• വസ്തുക്കളെ താരതമ്യം ചെയ്ത് നീളം കൂടുതൽ/കുറവ് കണ്ടെത്താം<br>• നീളം സ്വയം അളന്ന് കണ്ടെത്തൽ<br>• ഐ.സി.റ്റി ഉപയോഗിക്കൽ | ഒരു മാസം | | |
| 4 | രൂപ, പൈസ | • നിത്യ ജീവിതത്തിൽ കാണുന്ന രൂപ, നാണയം എന്നിവ പരിചയപ്പെടുത്തൽ<br>• ഇവയുടെ മൂല്യവും, തമ്മിലുള്ള വ്യത്യാസവും മനസ്സിലാക്കൽ<br>• വിവിധ തരം കളികൾ | ഒരു മാസം | | |

| | | | | | |
|---|---|---|---|---|---|
| | | • ക്ലാസ്സിലെ കട | | | |
| 5 | സമയവും ദിവസവും | • ക്ലോക്ക് വാച്ച് എന്നിവയുടെ പ്രവർത്തനം മനസ്സിലാക്കൽ<br>• സമയം കണ്ടെത്തുന്ന രീതി മനസ്സിലാക്കൽ<br>• ക്ലാസ്സിൽ ക്ലോക്ക് നിർമാണം<br>• കലണ്ടർ പരിചയപ്പെടൽ<br>• കലണ്ടർ ഉപയോഗിച്ച് വിവിധ ദിവസങ്ങൾ, പ്രവർത്തനം സ്വയം കണ്ടെത്തൽ | ഒരു മാസം | | |
| 6 | സംഖ്യാബോധം 1 മുതൽ 99 വരെ | • ഡൈസ് കളി<br>• സംഖ്യാ ചക്രം പൂർത്തീകരിക്കൽ<br>• കാർഡ് കളി<br>• ഈർക്കിൾ കളി<br>• രണ്ടക്ക സംഖ്യകളുടെ താരതമ്യം<br>• മിഠായി ഈർക്കിളി ഉപയോഗിച്ചുള്ള കളി | രണ്ട് ആഴ്ച | | |
| 7 | സങ്കലനം | • കാർഡ്, പസ്സിൽ, എന്നിവ ഉപയോഗിച്ച് രണ്ടിൽ കൂടുതൽ ഒറ്റ സംഖ്യയുടെ സങ്കലനം<br>• സ്ഥാന വില കാണൽ<br>• കാർഡ് കളി<br>• സംഖ്യാ ഗാനം<br>• കാർഡ് കളി, ഈർക്കിൾ കളി എന്നീ രീതികൾ ഉപയോഗിച്ച് രണ്ടക്ക സംഖ്യയും ഒരക്ക സംഖ്യയും തമ്മിലുള്ള സങ്കലനം<br>• രണ്ടക്ക സംഖ്യകളുടെ സങ്കലനം<br>• തീപ്പെട്ടിക്കൂടുകൾ, വിലവിവര പട്ടിക<br>• സംഖ്യാ കാർഡുകൾ ഉപയോഗിക്കാം<br>• അബാക്കസ് ഉപയോഗം | ഒരു മാസം | | |
| 8 | വ്യവകലനം | • രണ്ടക്ക സംഖ്യയിൽ നിന്നം ഒരക്ക സംഖ്യയുടെ വ്യവകലനം<br>• വിവിധ തരം കളികൾ, പല വർണ കാർഡുകൾ<br>• രണ്ടക്ക സംഖ്യകളുടെ വ്യവകലനം, കാർഡു കളി, കച്ചവട കളി മുതലായ കളികൾ, സംഖ്യാ മാലകൾ, വർക്ക് ഷീറ്റ് എന്നിവ | രണ്ട് ആഴ്ച | | |
| 9 | രണ്ടക്ക സംഖ്യാവ്യാഖ്യാനം | • ചിത്രീക്രണങ്ങൾ, സംഖ്യാ കാർഡുകൾ എന്നിവ ഉപയോഗിക്കാം | ഒരുആഴ്ച | ചിത്രങ്ങൾ സംഖ്യാ കാർഡുകൾ | പി.ടി.എ എസ്.ആർ.ജി ബി.ആർ.സി |

| | | | | | |
|---|---|---|---|---|---|
| 10 | രൂപങ്ങൾ തിരിച്ചറിയൽ | • രൂപങ്ങൾ ചേർത്ത് വസ്തുക്കൾ നിർമാണം<br>•  എന്നിവയുടെ രൂപങ്ങൽ തിരിച്ചറിയുന്നു<br>• ഐ.സി.റ്റി ഉപയോഗം | ഒരുആഴ്ച | ഐ.സി.റ്റി | എസ്.ആർ.ജി<br>ബി.ആർ.സി<br>ഡയറ്റ് |
| 11 | ഭാരമളക്കൽ | • തൂക്കക്കട്ടികളെ പരിചയപ്പെടുത്തുന്നു<br>• ത്രാസ്സ് ഉപയോഗിച്ച് കൃത്യമായ തൂക്കമളക്കുന്നു<br>• ക്ലാസ്സുകളിലെ എല്ലാ കുട്ടികളുടേയും വെയ്റ്റ് മെഷീൻ ഉപയോഗിച്ച് കുട്ടികൾ കണ്ടെത്തി രേഖപ്പെടുത്തുന്നു | ഒരുആഴ്ച | വിവിധ തൂക്ക കട്ടികൾ, ത്രാസ് | പി.ടി.എ<br>എസ്.ആർ.ജി |
| 12 | ദ്രാവകങ്ങളുടെ അളവ് | • അളവ് പാത്രങ്ങളുടെ പ്രദർശനം<br>• അളവ് പാത്രങ്ങൾ ഉപയോഗിച്ച് കുട്ടികൾ അളവ് കണ്ടെത്തുന്നു<br>• പഴയ അളവ് പാത്രങ്ങളുടെ പ്രദർശനം<br>• ഐ.സി.റ്റി ഉപയോഗിച്ച് വിവിധ വീഡിയോകൾ കാണിക്കാം | രണ്ട് ആഴ്ച | വിവിധ അളവുപകരണങ്ങൾ | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി |
| 13 | ഗണിതാഭിരുചി വളർത്തൽ | • ഗണിത ശാസ്ത്ര ക്ലബ്ബ് രൂപീകരണം<br>• ഗണിത ശാസ്ത്ര പ്രദർശനം<br>• കുസൃതി കണക്കുകൾ<br>• ഗണിത രൂപങ്ങൾ പരിചയപ്പെടുത്തൽ<br>• ഗണിത ശാസ്ത്ര ശിൽപശാല<br>• ഗണിത ലാബ്<br>• ഗണിത ലൈബ്രറി | ആറു മാസം<br><br>ഒരു വർഷം | | പി.ടി.എ<br>എസ്.ആർ.ജി<br>എസ്.എസ്.എ<br>ഡയറ്റ് |
| 14 | ഗണിതത്തിന്റെ പ്രായോഗിക പ്രശ്നങ്ങൾ മനസ്സിലാക്കൽ | • സ്കൂളിൽ കുട്ടികൾ നടത്തുന്ന കട<br>• വരവ് ചെലവുകൾ കുട്ടികൾ തന്നെ കൈകാര്യം ചെയ്യുന്നു<br>• വ്യത്യസ്ഥ ഗ്രൂപ്പുകൾക്ക് ചുമതല മാറി നൽകുന്നു<br>• ഫീൽഡ് ട്രിപ്പ്, മാർക്കറ്റ്, മാളുകൾ എന്നിവയിലെ സന്ദശനം<br>• വിലവിവരപ്പട്ടിക മനസ്സിലാക്കൽ | ജൂലൈ - ഫെബ്രു<br><br>ഒരു ആഴ്ച | | പി.ടി.എ<br>എസ്.ആർ.ജി |
| 15 | പരിഹാര ബോധനം | • ജൂൺ മാസത്തിൽ പ്രീടെസ്റ്റ് നടത്തുന്നു<br>• പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്ലാസ്സ് ടൈമിനു പുറമേ പ്രത്യേക പഠന പ്രവർത്തനങ്ങൾ നൽകുന്നു (ശ്രദ്ധ) | മൂന്ന് മാസം | | പി.ടി.എ<br>എസ്.ആർ.ജി<br>ബി.ആർ.സി |

# അക്കാദമിക് പ്ലാൻ – 2025 – 26

## കലാ – കായിക – പ്രവൃത്തി പരിചയ പഠനം, പൊതു പ്രവർത്തനങ്ങൾ

| Sl No: | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പ്രവൃത്തി പരിചയ പഠനം | • എല്ലാ ക്ലാസ്സുകളിലേയും എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുന്ന പ്രവർത്തന പാക്കേജ്.<br>• മേളകളിലെ പങ്കാളിത്തം<br>• വീഡിയോ പ്രസന്റേഷനുകളിലൂടെ പരിശീലനം നൽകൽ | | | |
| 2 | പച്ചക്കറിതോട്ടം, ജൈവവൈവിധ്യ പാർക്ക്, ഗാർഡൻ നിർമാണം | • നിലമൊരുക്കൽ, വിത്തിടൽ<br>• വൈവിധ്യമാർന്ന വിളകൾ യഥാസമയം വളം മറ്റു ഉപകരണങ്ങൾ എന്നിവയുടെ സഹായത്തോടെ സ്കൂൾ വളപ്പ് ഹരിതാഭമാക്കുന്നു.<br>• തണൽ മരങ്ങൾ നടുന്നു.<br>• ഔഷധ സസ്യങ്ങൾ, ഫലവൃക്ഷങ്ങൾ, പൂച്ചെടികൾ | | | |
| 3 | നാടകക്കളരി | • കുട്ടികളെ സർഗ്ഗാത്മകതയുടെ പ്രത്യക്ഷ ഭാവങ്ങളിലേക്കുള്ള അരങ്ങേറ്റം<br>• നാടകത്തിൽ പ്രസിദ്ധരായ കലാകാരുടെ സേവനം ലഭ്യമാക്കൽ | | | |
| 4 | മെഡിക്കൽ ക്യാമ്പ് | • കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിന് ക്യാമ്പ് സംഘടിപ്പിക്കുന്നു<br>• ആരോഗ്യ ബോധവത്കരണ ക്ലാസ്സ് | | | |
| 5 | ബാലസഭകൾ | • ബാലസഭകൾ ക്രിയാത്മകമായി സംഘടിപ്പിക്കൽ<br>• കുട്ടികൾക്ക് പരിശീലനം നൽകൽ<br>• പ്രോത്സാഹന സമ്മാനങ്ങൾ നൽകൽ | | | |

# അക്കാദമിക് പ്ലാൻ – 2025 – 26

## ഭൗതിക – സാങ്കേതിക കാര്യങ്ങൾ

| Sl No: | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ക്ലാസ്സ്മുറികൾ | • ചുമരുകളിൽഅക്ഷരങ്ങൾ/മാപ്പുകൾ/ചിത്രങ്ങൾ നിറക്കുന്നു<br>• ക്ലാസ്സ് അന്തരീക്ഷം ഹൃദ്യമാക്കുന്നു. | | | |
| 2 | ചിൽഡ്രൻസ് പാർക്ക് കളിസ്ഥലം | • **കളി സ്ഥലത്തേക്ക് വേണ്ട കളിസാധനങ്ങൾ**<br>➢ സ്ലൈഡ്സ്<br>➢ ക്ലൈംബർ (റൗണ്ട്)<br>➢ സീസോ<br>➢ മെറിഗോറൗണ്ട്<br>• **ഗാർഡൻ**<br>➢ ബെഞ്ച്<br>➢ സ്പിംഗ്ലർ (വാട്ടർ) | | | |
| 3 | സ്മാർട്ട് ക്ലാസ്റൂം | • എൽ.സി.ഡി സ്ക്രീനോട് കൂടിയുള്ള ഒരു സ്മാർട് ക്ലാസ്സ് റൂം | | | |
| 4 | കമ്പ്യൂട്ടർ ലാബ് | • കുറഞ്ഞത് അഞ്ച് കമ്പ്യൂട്ടറുകളടങ്ങിയ ഒരു മിനി കമ്പ്യൂട്ടർ ലാബ്<br>• ഓരോ ക്ലാസ്സിലേക്കും ഓരോ കമ്പ്യൂട്ടറുകൾ | | | |
| 5 | കുട്ടികൾക്ക് ഇരിപ്പിടത്തോട് കൂടിയ ഡൈനിംഗ് റൂം | • ഡൈനിംഗ് റൂം<br>• ഇരിപ്പിട സംവിധാനങ്ങൾ<br>• പ്ലംബിംഗ് റിപ്പയർ | | | |
| 6 | ഫാൻ, ട്യൂബ്ലൈറ്റുകൾ | • ഒരു ഫാൻ<br>• ക്ലാസ്സ്മുറികളിലും, സ്റ്റാഫ്റൂമിലും, കിച്ചണിലും 2 വീതം റ്റ്യൂബുകൾ (12 എണ്ണം) | | | |
| 7 | വൈറ്റ്ബോർഡ് (4 എണ്ണം) | • എല്ലാ ക്ലാസ്സുകളിലും വൈറ്റ് ബോർഡ് സ്ഥാപിക്കൽ. ചോക്കിന്റെ ഉപയോഗം കുട്ടികൾക്ക് അലർജി ഉണ്ടാക്കുന്നുണ്ട്.<br>• ക്ലാസ്സ്റൂംവൃത്തികേടാവാതെസൂക്ഷിക്കാനും ഇത് നല്ലതാണ് | | | |
| 8 | പി.ടി.എശക്തിപ്പെടുത്തൽ, | • പങ്കാളിത്തം ഉറപ്പ് വരുത്തുന്നു<br>• വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ | | | |